"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യു വകുപ്പ് - സർവെയും ഭൂരേഖയും വകുപ്പിൽ നിന്നും വിരമിച്ച ഹെഡ് ഡ്രാഫ്ട്സ്മാൻ ശ്രീമതി.ജി.ശാന്തയുടെ (Late) പെൻഷൻ ബുക്കിൽ ടിയാളുടെ മകനായ ശ്രീ.അനോജ്.എസ്.എസ്-ന്റെ പേര് നോമിനിയായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1225/2026/RD തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:- 10/10/2025, 12.05.2026 തീയതികളിലെ സർവെ ഡയറക്ടറുടെ DSLR/3767/2025-F3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർവെയും ഭൂരേഖയും വകുപ്പിൽ നിന്നും വിരമിച്ച ഹെഡ് ഡ്രാഫ്ട്സ്മാൻ ശ്രീമതി.ജി.ശാന്തയുടെ പെൻഷൻ ബുക്കിൽ ടിയാളുടെ മകനായ ശ്രീ.അനോജ്.എസ്.എസ്-ന്റെ പേര് ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭർത്താവ് ശ്രീ.സുകുമാരൻ.ജി സമർപ്പിച്ച അപേക്ഷ സർവെ ഡയറക്ടർ പരാമർശ പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. കുമാരപുരം റീസർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ **31/5/2000** ൽ വിരമിക്കുകയും തുടർന്ന് പെൻഷൻ വാങ്ങി വരവെ **17/09/2024** ൽ മരണപ്പെടുകയും ചെയ്തതിനെ തുടർന്ന് ശ്രീമതി. ശാന്ത.ജിയുടെ ഭർത്താവായ ശ്രീ. ജി. സുകുമാരൻ എന്നയാൾക്ക് കുടുംബ പെൻഷൻ അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ രണ്ടു മക്കളിൽ മൂത്ത മകനായ ശ്രീ.അനോജ്.എസ്.എസ് - ന് **90%** ബുദ്ധി വൈകല്യം ഉള്ളതിനാൽ ടിയാന്റെ കാലശേഷം ടി പെൻഷൻ ശ്രീ. അനോജ്.എസ്.എസ് - ന് ലഭിക്കുന്നതിനായി പെൻഷൻ ബുക്കിൽ മകന്റെ പേര് ചേർക്കുന്നതിനായിട്ടാണ് ശ്രീ. സുകുമാരൻ.ജി അപേക്ഷ സമർപ്പിച്ചിരുന്നത്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വേ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ സർവെയും ഭൂരേഖയും

വകുപ്പിൽ നിന്നും വിരമിച്ച ഹെഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. ജി.ശാന്തയുടെ പെൻഷൻ ബുക്കിൽ ടിയാളുടെ മകനായ ശ്രീ.അനോജ്.എസ്.എസ്-ന്റെ പേര് നോമിനിയായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും, **PPO** യിൽ പേര് ഉൾപ്പെടുത്തുന്നതിനായുള്ള തുടർനടപടികൾക്കായി അനുമതി ഉത്തരവിന്റെ പകർപ്പ്, നോമിനേഷൻ ഫാറം എന്നിവ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കേണ്ടതാണെന്നും, ശ്രീ. അനോജ്.എസ്.എസ് -ന് കുടുംബ പെൻഷന് അർഹത കൈവരുന്ന സമയത്ത് ഗാർഡിയൻ മുഖേന കുടുംബ പെൻഷൻ അപേക്ഷ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി മുമ്പാക സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, സർവെ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ P
ഡെപ്യൂട്ടി സെക്രട്ടറി

സർവെ ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(3430630/EXP-D1/67/2026-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ1/503/2025-റവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by Krishna Kumar G R
Date: 03-07-2026 20:38:54